School—Thalakottukara.

269. Mr. P. Krishna Menon.—Will the Government be pleased to state—

(1) the reasons for opining that there is no need for a school at Thalakottukara and therefore no recognition can be granted(Director's order dated 8th April 1932);

(2) is it not a fact that that school was started after Durgavilasam school building tumbled down ;

(3) was not the Government compelled to stop the grant to the Durgavilasam School, though it was presumably conducted on the half-time system in the Durgavilasam High School building ;

(4) is it not a fact that the Durgavilasam High School building is in the near proximity of the Velur Church School and more than two miles away from the Thalakottukara School in question ;

(5) what exactly is the objection for the Government for granting recognition apart from grant ?

Mr. I. N. Menon.—(1) Because the educational needs of the locality are met by the existing schools.

(2) Yes.

(3) The schoal was closed from Kanni 1107 and no grant was therefore paid to the school from Kanni.

(4) Yes.

(5) There is no need for a new school in the locality. The grant of recognition to a new school in the locality will therefore lead to unhealthy rivalry between the old and the new schools, which is undesirable.

St. Joachin's School.

270. മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ.—

താഴെ പറയുന്ന ചോദ്യത്തിനു് ഗവർമ്മെണ്ടുദ്യോഗസ്ഥന്മാർ മറുപടി പറയാമോ.—

(എ) സെൻറ് ജോക്കിൻസ് സ്കൂൾപള്ളിക്കൂടം തുടങ്ങിയതെന്നാണു്; അന്നു പഠിപ്പിച്ചിരുന്നതു് കനാസ്ത്രീകളാണോ; അവരെ പിരിയ്ക്കുവാൻ കാരണമെന്തു്;

(ബി) (a) ഇപ്പോൾ പിരിച്ചു അദ്ധ്യാപകന്മാരെ ആ സ്കൂളിൽ നിയമിച്ചിട്ടു എത്രകാലമായി;

(b) അവർ ഓരോരുത്തർക്കും എത്ര കൊല്ലത്തെ സർവ്വീസുണ്ടു്; ഈ അദ്ധ്യാപകന്മാരുടെ പേരിൽ വല്ല കുറവും ഉണ്ടായിട്ടുണ്ടോ; ഇവരെ പിരിയ്ക്കുവാനുണ്ടായ കാരണമെന്താണു്;

(സി) (a) മാനേജർ ഇവരെ പിരിച്ചതു് ഡയറക്ടരുടെ അനുവാദത്തോടുകൂടിയാണോ

LIBRARY ARCHIVES Kerala Legislative Assembly

(b) ഡയറക്ടരുടെ അനുവാദം കൂടാതെ പിരിച്ചുവിടുകയാണെങ്കിൽ ഏതു രീതിയിലാണ് അടിസ്ഥാനപ്പെടുത്തിയാണ് ഇങ്ങനെ ചെയ്യുന്നത്;

(ര) കല്യാർ പൊതുജനാഭിപ്രായം ഈവിഷയത്തെപ്പറ്റി ഇന്നതാണെന്ന് ഗവൺമെണ്ടിനു് അറിയാമോ;

(ഭ) ഇതിനെപ്പറ്റി വല്ല ആക്ഷേപങ്ങളും ഗവൺമെണ്ടിനു കിട്ടീട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തു നടപടി നടത്തി;

(ന) പിരിച്ചുവിട്ട അദ്ധ്യാപകന്മാർ ആരെല്ലാമാണ്; ഇവർക്ക് ഗവൺമെണ്ട് വല്ല സഹായവും ചെയ്യുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എന്താണ്;

(ഒ) ഈ മാനേജരുടെ കീഴിൽ എത്ര പള്ളിക്കൂടങ്ങൾ ഉണ്ട്;

(വ) പിരിച്ചുവിട്ട അദ്ധ്യാപകന്മാരിൽ എത്ര സ്ത്രീകളുണ്ട്;

(ൻ) ഈ സ്കൂളിലെ ഇപ്പോഴത്തെ അദ്ധ്യാപകന്മാരാരാണ്;

(൧൦) ഈ മാനേജരുടെ കീഴിലുള്ള പള്ളിക്കൂടങ്ങൾക്ക് ൧൯൩൯-ലും ൧൯൪൦-ലും എത്ര ഗ്രാൻറ് ഗവൺമെണ്ടു് കൊടുത്തിട്ടുണ്ട്;

(൧൧) ഡയറക്ടരുടെ പ്രവൃത്തിയെപ്പറ്റി മാനേജർ ആക്ഷേപം പറഞ്ഞിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ വിഷയം എങ്ങനെ അവസാനിച്ചു?

മിസ്റ്റർ ഐ. എൻ. മേനോൻ.—(൧) ൧൦൯൪-ൽ അന്നു പള്ളിച്ചിരുന്നതിൽ ചിലർ കന്യാസ്ത്രീകൾ ആയിരുന്നു. അവരെ പിരിക്കുവാൻ കാരണമെന്തായിരുന്നു എന്നു വിവരമില്ല.

(൨) (a) നിശ്ചയമില്ല.

(b)

എ. ജെ. ചാക്കോ	൨൫	കൊല്ലം
എൻ. എം. ജോർജ്ജ്	൨൦	,,
കെ. ജെ. ജോസഫ്	൧൯	,,
സി. ടി. ജോർജ്ജ്	൧൧	,,
പി. പി. യൗസേപ്പ്	൧൫	,,
കെ. പി. പിലോമിന	൧൯	,,
എം. ജാനകിഅമ്മ	൧൪	,,

കുറെമൊന്നും ഉള്ളതായി അറിവില്ല. സ്ത്രീകളെ നിയമിക്കണമെന്നുള്ള മാനേജരുടെ ഉദ്ദേശംകൊണ്ടാണ് ഇവരെ പിരിച്ചുവിട്ടതു്.

(൩) (a) അല്ല.

(b) രീതിയൊന്നും അടിസ്ഥാനപ്പെടുത്തിയല്ല

LIBRARY ARCHIVES Kerala Legislative Assembly

(ശ) ഈ വിഷയത്തെപ്പറ്റി ശരിയായ പൊതുജനാഭിപ്രായം ഇന്നതാണെന്നു് അറിവായിട്ടില്ല. രണ്ടുവിധവും ഹർജികൾ കിട്ടീട്ടുണ്ടു്.

(ഷ) ഉവ്വു്. അനുവാദംകൂടാതെ അദ്ധ്യാപകന്മാരെ പിരിക്കരുതെന്നു് ഡയറക്ടർ അവർകൾ മാനേജരെ അറിയിച്ചു

(സ) രണ്ടാം സബ്ഡിവിഷനിൽ അവരുടെ പേരുകൾ കൊടുത്തിട്ടുണ്ടു്. സഹായത്തിനെപ്പറ്റി ഒന്നും തീരുമാനിച്ചിട്ടില്ല.

(ഹ) രണ്ടു്.

(ള) രണ്ടു്.

(ക്ഷ) കന്യാസ്ത്രീകൾ.

(ഫ ഠ) ഫ ഫ ഠ ന-ൽ ക. ഖ, ഫ ള ഫ —ർ —ഠ .

ഫ ഫ ഠ ഭ-ൽ ക. ഖ, ർ ഫ —റ —ഠ .

(ഫ ഫ) ഉവ്വു്. അവസാനിച്ചിട്ടില്ല.

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ.—കുറെ ഒന്നും ഉള്ളതായി അറിവില്ല. സ്ത്രീകളെ നിയമിയ്ക്കണമെന്നുള്ള മാനേജരുടെ ഉദ്ദേശം കൊണ്ടാണ ഈ ഏഴുപേരെ പിരിച്ചുതെന്ന പറഞ്ഞിട്ടുണ്ടു്. ഈ ഏഴുപേരിൽ കെ. പി. പിലോമിന, എം. ജാനകിയമ്മ ഇവർ പുരുഷന്മാരാണോ?

മിസ്റ്റർ ഐ. എൻ. മേനോൻ.—ഇവരെ പിരിച്ചുവയ്ക്കാനുള്ള കാരണമെന്താണെന്നു ചോദിച്ചപ്പോൾ സ്ത്രീകളെ വയ്ക്കാനാണെന്നു പറഞ്ഞു. എനിയ്ക്കും ആദ്യം സംശയം തോന്നീട്ടു് ഞാൻ വീണ്ടും എഴുതി ചോദിച്ചു. ആ സംശയം ഉണ്ടായിട്ടില്ല എന്നു മാനേജർ പറഞ്ഞു. ഇതു് അവരും അറിഞ്ഞിട്ടുണ്ടു്.

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ.—ആദ്യം ചോദിച്ചപ്പോൾ സ്ത്രീകളെ നിയമിയ്ക്കുവാനാണു് പുരുഷന്മാരെ പിരിച്ചുതെന്നു പറഞ്ഞു. ഇതിൽ ആദ്യത്തെ ചോദ്യത്തിന്റെ മറുപടി കന്യാസ്ത്രീകളായിരുന്നു. അവരെ പിരിച്ചു് പുരുഷന്മാരെ വച്ചു എന്നു പറഞ്ഞിരിയ്ക്കുന്നു. ഇപ്പോൾ പറയുന്നതു് "പുരുഷന്മാരെ പിരിച്ചു് സ്ത്രീകളെ വച്ചു"വെന്നു്. ഇതിനുള്ള കാരണങ്ങളെന്താണെന്നു അന്വേഷിച്ചോ?

മിസ്റ്റർ ഐ. എൻ. മേനോൻ—അന്വേഷിച്ചു. മാനേജരുടെ റിപ്പോർട്ടു കിട്ടിയില്ല. ശരിയായ റിപ്പോർട്ടു കിട്ടാത്തതുകൊണ്ടാണു് ആ വിവരം ഇവിടെ പറഞ്ഞിട്ടില്ലാത്തതു". അവർക്കു് നടന്നുപോയി പഠിപ്പിയ്ക്കാൻ കഴിയുന്നില്ലെന്നു വച്ചാണു് സ്ഥിരമായി ആളുകളെ വയ്ക്കാത്തതു്. അതുകൊണ്ടു് മാനേജർ ശരിയായി പറയാതിരുന്നിട്ടുള്ളതാണു്.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ പി. കുമാരൻ എഴുത്തച്ഛൻ.—മാനേജരോട് ഈ വിവരങ്ങളെപറ്റി ചോദിച്ചിട്ട് എത്ര കാലമായി?

മിസ്റ്റർ ഐ. എൻ. മേനോൻ.—ലാസ്റ്റായി ചോദിച്ചത് ഏപ്പോഴാണെന്ന നിശ്ചയമില്ല.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ.—എങ്കിലും ഉദ്ദേശം എന്നായിരിയ്ക്കും?

മിസ്റ്റർ ഐ. എൻ. മേനോൻ —ഇരുപത്തഞ്ചു ദിവസത്തോളമായിരിയ്ക്കുമെന്നു തോന്നുന്നു.

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ.—മാനേജരോടു ചോദിച്ചതിനു ശേഷമാണോ ഇവർ സ്ത്രീകളാണെന്നു അറിഞ്ഞതു്?

മിസ്റ്റർ ഐ. എൻ. മേനോൻ.—അവരുടെ അറിവോടു കൂടിതന്നെ പിരിച്ചു വിട്ടതായിട്ടാണ് മാനേജർ പറയുന്നതു്. സ്ത്രീകളാണെന്നു മുമ്പും അറിയാം.

മിസ്റ്റർ പി. എസ്സ്. കേശവൻനമ്പൂതിരി.—ന. B. യിൽ "റൂൾസിനെ ഒന്നും അടിസ്ഥാനപ്പെടുത്തിയല്ല." എന്നു പറഞ്ഞിരിയ്ക്കുന്നു. വല്ല റൂളുകളേയും ലംഘിച്ചിട്ടാണോ പിരിച്ചു വിട്ടതു്? പുരുഷന്മാരെ പിരിച്ചു് സ്ത്രീകളെ വച്ചു എന്നു പറയുന്നതു് റൂൾ ലംഘനമല്ലേ?

മിസ്റ്റർ ഐ. എൻ. മേനോൻ.—അവരെ പിരിച്ചയയ്ക്കണമെങ്കിൽ അനുവാദം കൂടാതെ ചെയ്യുവാൻ പാടുള്ളതല്ല. എന്നാൽ ഇതു് അനുവാദം കൂടാതെ ചെയ്തതാണു്. അതു് റൂൾ ലംഘനവുമാണു്.

മിസ്റ്റർ പി. എസ്സ്. കേശവൻനമ്പൂതിരി.—റൂൾ ലംഘിച്ചാൽ ആ കുറ്റത്തിനു് ശിക്ഷ എന്താണെന്നറിയുവാൻ പാടില്ലേ?

മിസ്റ്റർ ഐ. എൻ. മേനോൻ. —അതിനു് കോടതി നിയമം പോലെയുള്ള ശിക്ഷയൊന്നുമില്ല. ഡിസ്പ്ലാട്ട്മെണ്ടിന്റെ യുക്തം പോലെ ശിക്ഷ കൊടുക്കും.

മിസ്റ്റർ കെ. അയ്യപ്പൻ.—വല്ല ശിക്ഷയും കൊടുത്തുവോ?

മിസ്റ്റർ ഐ. എൻ. മേനോൻ.—നാങ്ങളതന്നെ, ഒരു കുറ്റം കിട്ടിയെന്നുവച്ചാൽ ഉടനെ ശിക്ഷിക്കരുതു". അതിനെക്കുറിച്ചു് അന്വേഷിച്ചുവേണമെന്നു് പലപ്പോഴും ആവലാതി പറയാറുണ്ടു്. അതുകൊണ്ടു് ശിക്ഷിച്ചിട്ടില്ല, അങ്ങനെ ഒരു തീർപ്പു പാസാക്കാതെ വച്ചിരിയ്ക്കുന്നു.

മിസ്റ്റർ എ. ഈച്ചരമേനോൻ.—ഈ സ്കൂൾ വല്ല പള്ളിക്കുടങ്ങടെ വകയോ, അതോ മാനേജരുടെ സ്വകാര്യമോ?

മിസ്റ്റർ ഐ. എൻ. മേനോൻ.—അറിഞ്ഞുകൂടാ.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ.—മാനേജരുടെ താഴെ വേറെ എത്ര സ്കൂൾ കൂടിയുണ്ട്.

മിസ്റ്റർ ഐ. എൻ. മേനോൻ.—ഒരു സ്കൂൾ കൂടിയുണ്ട്".

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ.—അതിൽ എത്ര അദ്ധ്യാപക ന്മാരുണ്ട്.

President.—That is not a supplementary question.

Mr. T. A. Ramachandra Ayyar.—In question No. 262 my name is not printed.

Dr. A. G. Menon.—There is a question without the name of the person who puts the question.

LIBRARY ARCHIVES Kerala Legislative Assembly